| | | | |
|---|---|---|---|
| 6. | ടൈപ്പിസ്റ്റ് | - | 2 |
| 7. | ഫയർമാൻ | - | 572 |
| 8. | പ്യൂൺ | - | 1 |
| 9. | നൈറ്റ് വാച്ചർ | - | 3 |

(ഇ) ക്വാർട്ടേഴ്സുകളിൽ മീറ്റർ ഫിറ്റ് ചെയ്യുന്ന ജോലികളും അതിനോട് അനുബന്ധമായ ചില്ലറ ജോലികളും ബാക്കിയുള്ളതിനാൽ ക്വാർട്ടേഴ്സിലേക്ക് കറന്റ് ചാർജ് ചെയ്തിട്ടില്ല. ജലവിതരണം നടത്തുന്നതിനായി പമ്പ് ഹൗസിന്റെ ത്രീ ഫേസ് കണക്ഷനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. പണി പൂർത്തിയാക്കുമ്പോൾ അപേക്ഷ നൽകിയവരുടെ മുൻഗണന അനുസരിച്ച് ക്വാർട്ടേഴ്സ് അനുവദിക്കുന്നതാണ്.

**ഫയർഫോഴ്സ് ടെക്നിക്കൽ ഡയറക്ടർ ശിവദാസന്റെ സസ്പെൻഷൻ**

**85 (4520)** ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സിൽ ടെക്നിക്കൽ ഡയറക്ടറായിരുന്ന ശിവദാസൻ എന്നയാളെ കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) സസ്പെൻഷനിലായിരുന്ന ശിവദാസനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-5-2002-ലെ വി.സി.3/2002/സി.ആർ.ഇ. നമ്പർ പ്രകാരം കൈക്കൂലി കേസിൽ ഫയർഫോഴ്സ് ടെക്നിക്കൾ ഡയറക്ടറായിരുന്ന ശിവദാസനെ അറസ്റ്റ് ചെയ്തിരുന്നു.

(ബി) കേസിന്റെ അന്വേഷണം പൂർത്തിയായി. അന്വേഷണ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(സി) സർക്കാരിന്റെ പരിശോധനയിലുണ്ട്.

**ജയിൽ ഉപദേശസമിതികളുടെ പ്രവർത്തനം**

**86 (4521)** ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലാണ് ഉപദേശകസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ജയിൽ ഉപദേശകസമിതികൾ സർക്കാരിന് നൽകിയ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ശുപാർശകളിൻമേൽ എന്തൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) തടവുകാരെ വിട്ടയയ്ക്കുന്നത് സംബന്ധിച്ച് ഉപദേശകസമിതികൾ നൽകിയ ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ശുപാർശകൾ സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും നെയ്യാറ്റിൻകര വനിതാ ജയിലിലും ജയിൽ ഉപദേശകസമിതികൾ പ്രവർത്തിക്കുന്നു.

(ബി) ഒരു നിശ്ചിതകാലം ശിക്ഷ പൂർത്തിയാക്കിയ തടവുകാരുടെ കേസിന്റെ സ്വാഭാവവും മുൻകാലചരിത്രവും ജയിലിലെ സ്വഭാവവും പരിശോധിച്ചതിനുശേഷം വിടുതൽ ചെയ്യപ്പെട്ടാൽ സമൂഹത്തിന് ദോഷമായി ബാധിക്കില്ല എന്നു തോന്നുന്ന തടവുകാരെ, ജില്ലാ പോലീസ് സൂപ്രണ്ട്, ജയിൽ സൂപ്രണ്ട്, പ്രൊബേഷനറി ഓഫീസർ എന്നിവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിടുതൽ ചെയ്യുവാൻ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) തടവുകാരുടെ അകാലവിടുതൽ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ജയിൽ ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുള്ളത് കാലാകാലങ്ങളിൽ സമിതി സമർപ്പിക്കുന്ന ശുപാർശകളിൻമേൽ സർക്കാർ ഉചിതമായി തീരുമാനം കൈക്കൊണ്ടുവരുന്നു.

(ഡി) ചോദ്യം (ബി)-യുടെ മറുപടിയിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിബന്ധനകളുടെ പരിധിയിൽവരുന്ന തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകൾ നെട്ടുകാൽത്തേരി തുറന്ന ജയിൽ, നെയ്യാറ്റിൻകര സ്ത്രീകളുടെ ജയിൽ എന്നീ ജയിലുകളിലെ ഏതാനും തടവുകാരെ വിടുതൽ ചെയ്യുവാൻ ഉപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ&എഫ്) തടവുകാരുടെ അകാലവിടുതൽ സംബന്ധിച്ച് നടപടികൾ കൂടുതൽ സുതാര്യമാക്കുവാനായി ജയിൽ ഉപദേശകസമിതിയുടെ ശുപാർശകൾ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ലഭിച്ചശേഷം ഗവർണ്ണറുടെ അംഗീകാരത്തിന് സമർപ്പിച്ചാൽ മതിയാകും എന്ന് തീരുമാനം ആയിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുവാനായി ബിസിനസ് റൂൾസ് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly